*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

192nd Issue - Volume 5, No. 26 **ജാഗ്രത** 8th July 2011

" നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണു ചെയ്ത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനില്ക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു. തൻമൂലം, നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നല്കും."

(യോഹന്നാൻ; 15–16:17)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil



St. Veronica Giuliani

## പ്രധാന വാർത്തകൾ

**സഭയുടെ ശക്തി സമർപ്പിതരുടെ ശുശ്രൂഷയിൽ: മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി**

---

**ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കേണ്ടതു സർക്കാരിന്റെ ഉത്തരവാദിത്വം: ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്**

---

**കുടുംബ ഭദ്രതയ്ക്ക് ദാമ്പത്യവിശുദ്ധി അനിവാര്യം: മാർ ജോസഫ് പെരുന്തോട്ടം**

---

**സഭയുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സഭാംഗങ്ങൾ ജാഗ്രത പുലർത്തണം: മാർ ജോസഫ് പവ്വത്തിൽ**

---

**സാക്ഷ്യം തന്നെ പ്രഘോഷണം: മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി**

---

## വാരാന്ത്യവീക്ഷണം

**പ്രൊഫഷണൽ വിദ്യാഭ്യാസം ഒരു സൂത്രവാക്യത്തിന്റെ നീരാളി കൈകളിൽ**
**റവ. ഡോ. ഫിലിപ്പ് നെല്പുരപ്പറമ്പിൽ**

## സഭയുടെ ശക്തി സമർപ്പിതരുടെ ശുശ്രൂഷയിൽ: മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി



ആത്മീയനിക്ഷേപമാണ് കത്തോലിക്കാ സഭയുടെ പൈതൃക സ്വത്തെന്നും ആഗോളസഭയുടെ ആധ്യാത്മിക വളർച്ചയ്ക്ക് സീറോ മലബാർ സഭ നൽകിയ സംഭാവനകൾ അമൂല്യമാണെന്നും സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് മാർ ജോർജ് ആലഞ്ചേരി. മേലധ്യക്ഷൻമാരും വൈദികരും സന്യസ്തരും ഉൾപ്പെടുന്ന കത്തോലിക്കാസഭയിലെ സമർപ്പിതരുടെ സമൂഹം അർപ്പിക്കുന്ന ശുശ്രൂഷകളുടെ വലുപ്പവും മൂല്യവും സഭാമക്കളും ഇതര മതസ്തരും തിരിച്ചറിയണം. ഇതര ക്രൈസ്തവ സഭകളെക്കാൾ കത്തോലിക്കാ സഭയുടെ വലുപ്പം സമർപ്പിതരുടെ ശുശ്രൂഷയിലാണ് അധിഷ്ഠിതമായിരിക്കുന്നത്. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ സുവർണജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്ന മാർ ജോർജ് ആലഞ്ചേരി. ദൈവവിളി കുറയുമ്പോൾ സഭയുടെ ആത്മീയശക്തി ദുർബലമാകുകയും വിശ്വാസദീപ്തി മങ്ങുകയും ചെയ്യും. ആധ്യാത്മികതയിലും സാമൂഹിക പ്രതിബദ്ധതയിലും അധിഷ്ഠിതമായ പരിശീലനത്തിലൂടെ 1622 വൈദികരെ വിശ്വാസികൾക്കും സമൂഹത്തിനും സമ്മാനിച്ച വടവാതൂർ സെമിനാരി സഭയുടെ അഭിമാന സ്തംഭമാണ്. വൈദികർ കാലഘട്ടത്തിന്റെ കുറവുകളെ പരിഹരിക്കാൻ പ്രാപ്തരാകണം. വർത്തമാന യാഥാർഥ്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് സമൂഹത്തെ ആധ്യാത്മീകയിൽ ഉറപ്പിക്കാനും പോഷിപ്പിക്കാനും ഉതകുന്ന പരിശീലനം സെമിനാരികളിൽ അനിവാര്യമാണ്. വിശ്വാസക്ഷയം, സാന്മാർഗിക അധഃപതനം എന്നിവയാണ് ലോകം നേരിടുന്ന വെല്ലുവിളികൾ. ആദർശത്തിലും വിശുദ്ധിയിലും ലോകത്തിനു മാതൃകയായി ലോകത്തിനു തിരുത്തൽ നൽകാൻ വൈദികർക്കു കഴിയണം. സഭയും പാരമ്പര്യവും ഇതാണ് അനുശാസിക്കുന്നത്- മാർ ആലഞ്ചേരി കൂട്ടിച്ചേർത്തു. സീറോ മലബാർ സഭയുടെയും വടവാതൂർ സെന്റ് തോമസ് സെമിനാരിയുടെയും തനിമ നേർരേഖപോലെ വ്യക്തവും ദൃഢവുമാണ്. ഉറവിടങ്ങളിലേക്കു മടങ്ങുകയെന്ന സഭയുടെ എക്കാലത്തെയും ആഹ്വാനം യാഥാർഥ്യമാക്കാൻ ഈ സെമിനാരി പ്രതിജ്ഞാബദ്ധമാണ്. സ്ഥാപിത ലക്ഷ്യങ്ങളെ പൂർണതയിലെത്തിക്കാനുള്ള ആഹ്വാനമാണ് സുവർണജൂബിലി അനുസ്മരിപ്പിക്കുന്നത്- വടവാതൂർ സെമിനാരി കമ്മീഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് അധ്യക്ഷ പ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു. സഭയുടെ വ്യക്തിത്വവും പൈതൃകവും കാത്തുസൂക്ഷിക്കാനുള്ള പ്രതിബദ്ധത എല്ലാ സഭാമക്കൾക്കുമുണ്ട്. സീറോ മലബാർ സഭയുടെ തനിമയും പാരമ്പര്യവും കാത്തുസൂക്ഷിക്കാനും പരിശീലിപ്പിക്കാനുമുള്ള ലക്ഷ്യത്തോടെയാണ് വടവാതൂർ സെമിനാരി സ്ഥാപിതമായത്. സന്യാസവൈദികരെ സഭയുടെ ചുമതലയേൽപ്പിക്കാൻ തുടക്കത്തിൽ നിർദേശമുണ്ടായെങ്കിലും രൂപതാ വൈദികർ ഇതിനു നേതൃത്വം നൽകിയാൽ മതിയെന്ന് വത്തിക്കാനിൽ നിന്നു ലിഖിതമായ നിർദേശമുണ്ടായി. സീറോ മലബാർ സഭയുടെ ചരിത്രവും പാരമ്പര്യവും ആഴത്തിൽ പഠിച്ചിരുന്ന പൗരസ്ത്യ തിരുസംഘം മുൻപ്രിഫക്ട് കർദിനാൾ യൂജിൻ ടിസറന്റിന്റെ ദീർഘവീക്ഷണവും കരുതലുമാണ് സഭയുടെ അഭിമാനമായ വടവാതൂർ സെമിനാരിയുടെ സ്ഥാപനത്തിനു കാരണമായത്. സെമിനാരി കമ്മീഷൻ അംഗവും ഇവിടത്തെ മുൻ പ്രഫസറുമായ ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം അനുസ്മരിച്ചു. ആഗോളവത്കരണത്തിന്റെ യുഗത്തിൽ കച്ചവടതാത്പര്യങ്ങൾ എല്ലാ രംഗത്തും വർധിക്കുകയാണ്. ഓരോ നിമിഷവും ലോകം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്നു. ആധ്യാത്മീകതയും പരിശുദ്ധിയും നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ തലമുറയിൽ വിലപേശൽ സംസ്കാരമാണ് എല്ലാ തലങ്ങളിലുമുള്ളത്. വൈദികപരിശീലനത്തിന് കാതലായതും കാലോചിതമായതുമായ മാറ്റങ്ങൾ ഉണ്ടാവണം. പുതിയ തലമുറയെ നയിക്കാനും വളർത്താനും പറ്റിയ വിധം സമഗ്രമായ പരിശീലനം വൈദികവിദ്യാർഥികൾക്കു നൽകേണ്ടതുണ്ട്. സെമിനാരി കമ്മീഷൻ അംഗം മാർ തോമസ് ചക്യത്ത് അഭിപ്രായപ്പെട്ടു. സഭയുടെ വളർച്ചയ്ക്ക് നിയതമായ വീക്ഷണം അനിവാര്യമാണ്. രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള സീറോ മലബാർ സഭ പാരമ്പര്യത്തിലേക്കു മടങ്ങണം. സംസ്കാരത്തെ പോഷിപ്പിക്കണം. സഭ വളരുന്നത് വൈദികരുടെ ശുശ്രൂഷയിലൂടെയാണ്. മഹത്തായ മൂല്യങ്ങളെയും പാരമ്പര്യത്തെയും കാത്തുസൂക്ഷിച്ച് ആഗോള സഭയെ സമ്പന്നമാക്കാൻ വടവാതൂർ സെമിനാരി വഹിച്ച പങ്ക് വലുതാണ്. സെമിനാരിയുടെ മുൻ റെക്ടർ കൂടിയായ മാർ ജോസഫ് പള്ളിക്കാപറമ്പിൽ അഭിപ്രായപ്പെട്ടു.

## ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കേണ്ടതു സർക്കാരിന്റെ ഉത്തരവാദിത്വം: ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്



ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം നിറവേറ്റണമെന്ന് തൃശൂർ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് സർക്കാരിനോടാവശ്യപ്പെട്ടു. തൃശൂർ അതിരൂപത ന്യൂനപക്ഷാവകാശ സംരക്ഷണ സമിതിയുടെ നേതൃയോഗം ആർച്ച്ബിഷപ്സ് ഹൗസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ന്യൂന പക്ഷങ്ങളുടെ നിലനിൽ

പിനു ഭരണഘടന അനുവദിച്ചിട്ടുള്ള അവകാശങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനെ സാമൂഹ്യനീതിയായി കാണാനാവില്ല. നിയമാനുസൃതമായും സുതാര്യമായും പ്രവർത്തി ക്കുന്ന ക്രൈസ്തവ മാനേജ്മെന്റിന്റെ സ്ഥാപനങ്ങളെ തകർക്കാനുള്ള ചില വർഗീയ രാഷ്ട്രീയ സ്വാശ്രയശക്തികളുടെ സമ്മർദങ്ങൾക്കു ചുമതല മറന്ന് ജനാധിപത്യസർക്കാർ അടിമപ്പെടുന്നതിൽ യോഗം ആശങ്ക പ്രകടിപ്പിച്ചു. ഇത് ഭരണഘടനാലംഘനവും ന്യൂനപക്ഷങ്ങളെ വഞ്ചിക്കലുമാണെന്ന് യോഗം വിലയിരുത്തി. സാമ്പത്തികമായി പിന്നോക്കാവസ്ഥ യിലുള്ളവർക്ക് ഉന്നതപഠനത്തിനായി സ്വന്തം സമുദായത്തിന്റെ മാനേജ്മെന്റ് ക്വോട്ടയിൽ പ്രവേശനം നേടണമെങ്കിൽ മെറിറ്റിൽവരുന്ന ഉയർന്ന വരുമാനക്കാരുടെ ഫീസുകൂടി നൽകണമെന്ന് നിഷ്കർഷിക്കുന്നതിൽ സാമൂഹ്യനീതിയുണ്ടോയെന്നു ബന്ധപ്പെട്ടവർ ആത്മപരിശോധന നടത്തണം. സാമൂഹ്യനീതി നടപ്പാക്കണമെന്നു സർക്കാരിനു പ്രതിബദ്ധത യുണ്ടെങ്കിൽ പാവപ്പെട്ടവർക്കു പഠിക്കാൻ സർക്കാർ സഹായം അനുവദിക്കുകയാണ് വേണ്ടത്. ന്യൂനപക്ഷാവകാശങ്ങളെ ധ്വംസിക്കുന്ന വിധത്തിൽ സ്വാശ്രയനിയമം പിൻവാതിലിലൂടെ കൊണ്ടുവരാനുള്ള ശ്രമങ്ങളെ എന്തുവിലകൊടുത്തും നേരിടും. ക്രൈസ്തവസ്ഥാപനങ്ങളെ തകർക്കാനുള്ള ഗൂഢാലോചനയിൽ ഉത്തരവാദിത്വപ്പെട്ട സർക്കാർ പങ്കാളിയാകുന്നതു കേരളത്തിന്റെ വിദ്യാഭ്യാസത്തകർച്ചയ്ക്കു വഴിതെളിക്കും. കല്പിത സർവകലാശാല നിയമത്തേക്കാൾ ഉന്നതമാണ് ഭരണഘടന അനുവദിച്ചിട്ടുള്ള ന്യൂനപക്ഷാവകാശങ്ങൾ. ഇവ അനുവദിക്കുന്നതിൽ ക്രൈസ്തവ സ്ഥാപനങ്ങൾ ക്കെതിരേയുള്ള ഭീഷണിയുടെ സ്വരം ജനാധിപത്യ സർക്കാരിനു ഭൂഷണമല്ലെന്ന് യോഗം അഭിപ്രായ പ്പെട്ടു.

**കുടുംബ ഭദ്രതയ്ക്ക് ദാമ്പത്യവിശുദ്ധി അനിവാര്യം: മാർ ജോസഫ് പെരുന്തോട്ടം**

---



കുടുംബതകർച്ചകളെ ദൂരീകരിക്കുന്നതിനും സമൂഹത്തിൽ ധാർമികത പുലരുന്നതിനും ദാമ്പത്യ വിശുദ്ധി അനിവാര്യമാണെന്ന് ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. ചങ്ങനാശേരി ഫൊറോന കുടുംബക്കൂട്ടായ്മാ നേതൃസംഗമം ഉദ്ഘാടനം ചെയ്യുകയായിരന്നു ആർച്ച് ബിഷപ്. ബന്ധങ്ങളുടെ ശിഥിലീകരണം കുടുംബങ്ങളുടെ ഭദ്രതയെ തകർക്കുമെന്നും ആർച്ച് ബിഷപ് കൂട്ടിച്ചേർത്തു.

**സഭയുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സഭാംഗങ്ങൾ ജാഗ്രത പുലർത്തണം: മാർ ജോസഫ് പവ്വത്തിൽ**

---



സഭയുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സഭാംഗങ്ങൾ ജാഗ്രതയോടെ പ്രവർത്തിക്കണമെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. അതിരൂപതാ മാർത്തോമ്മാ വിദ്യാനികേതൻ സംഘടിപ്പിച്ച പ്ലാസിഡ് സിമ്പോസിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച് ബിഷപ്. സഭയുടെ ഭരണഘടനാദത്തമായ അവകാശ ങ്ങൾ നിരാകരിക്കുകയും സഭയുടെ നിലപാടുകൾക്കെതിരേ പ്രവർത്തിക്കുകയും ചെയ്യുന്ന ശക്തികളെ ചെറുക്കണമെന്നും മാർ പവ്വത്തിൽ ചൂണ്ടിക്കാട്ടി. രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ പ്രവർത്തി ക്കുവാൻ വിളി സ്വീകരിച്ച അത്മായർ ക്രിസ്തീയ വിശ്വാസ ചൈതന്യത്തിൽ ഉറച്ചു നില്ക്കണമെന്നും ക്രിസ്തീയ മനഃസാക്ഷിക്കു വിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു.

**സാക്ഷ്യം തന്നെ പ്രഘോഷണം മാർ ജോർജ് ആലഞ്ചേരി**

---

എന്റെ കർത്താവേ, എന്റെ ദൈവമേ’ എന്ന് ഉദ്ഘോഷിച്ചു കൊണ്ട് ഈശോയിലും അവിടന്നിലൂടെ കൈവന്ന രക്ഷയിലുമുള്ള വിശ്വാസം ഏറ്റുപറഞ്ഞ തോമാശ്ലീഹാ സ്വന്തം ജീവ രക്തം ചൊരിഞ്ഞതിന്റെ ഓർമയാണ് ദുക്റാന. തോമാശ്ലീഹാ ഭാരത മണ്ണിൽ സഭയ്ക്ക് അടിസ്ഥാനമിട്ടു. അതിനാൽ ദുക്റാനദിവസം സീറോ മലബാർ സഭയുടെ സഭാദിനം കൂടിയായി നാം ആഘോ ഷിക്കുകയാണ്. ബനഡിക്ട് പതിനാറാമൻ മാർപാപ്പ നമ്മുടെ സഭയിലെ അഭിവന്ദ്യപിതാക്കന്മാരെ കാണു മ്പോൾ ആദ്യം പറയുന്നതു നമ്മുടെ സഭയുടെ പ്രേഷിതോന്മുഖതയെക്കുറിച്ചാണ്. പൗരസ്ത്യസഭകളിൽ പ്രേഷിതതീക്ഷ്ണതയിൽ ഏറെ മുന്നിലാണ് സീറോ മലബാർ സഭ. ചങ്ങനാശേരി അതിരൂപത യിൽ നിന്നുള്ള മിഷൻ പ്രവർത്തനം വഴി സഭയിലേക്കുവന്ന വിശ്വാസികൾക്കായി രൂപംകൊണ്ട തക്കല രൂപത നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനത്തിന്റെ ഒന്നാം തരം തെളിവാണ്. ആധുനിക കാലഘട്ടത്തിൽ സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തനം വടക്കേ ഇന്ത്യയിലേക്ക് വ്യാപിക്കുന്നത് 1962-ൽ ഭാഗ്യസ്മരണാർഹനായ ജോൺ 23-ാമൻ മാർപാപ്പയുടെ കല്പനപ്രകാരമാണ്. സീറോമലബാർ സഭയെ ആദ്യമായി ഏല്പിച്ച പ്രേഷിതരംഗം ഛാന്ദാമിഷനാണ്. നമ്മുടെ സഭയിലെ പ്രഥമ ഏതദ്ദേശീയ സന്യാസസമൂഹമായ സിഎംഐ സഭയാണ് ഛാന്ദാമിഷൻ ഏറ്റെടുത്തു പ്രവർത്തിച്ചത്. അവിഭക്ത ഛാന്ദാമിഷൻ ആരംഭിച്ചിട്ട് 2012ൽ 50 വർഷം പൂർത്തിയാകുകയാണ്. അത് എങ്ങനെയാണ് ആചരിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ സിനഡ് ചർച്ചകൾ നടത്തുകയുണ്ടായി. ഛാന്ദാമിഷന്റെ സുവർണ ജൂബിലി ഒരു മിഷൻ രൂപതയുടെ മാത്രം ജൂബിലി എന്നതിനെക്കാൾ സീറോ മലബാർ സഭയുടെ പ്രേഷിതവിളിയെയും ദൗത്യത്തെയും കുറിച്ച്

ആഴത്തിൽ ചിന്തിക്കാനും നവോന്മേഷത്തോടെ ഈ ദൗത്യം ഏറ്റെടുക്കാനുമുള്ള ഒരവസരമായിട്ടാണ് സിനഡു പിതാക്കന്മാർ കണ്ടത്. ഇതിൻപ്രകാരം ഷംഷാബാദ് മിഷന്റെ സുവർണജൂബിലി സീറോ മലബാർ സഭ മുഴുവനിലും 2011 ഓഗസ്റ്റ് 15 മുതൽ 2012 ഓഗസ്റ്റ് 15വരെ പ്രേഷിതവർഷമായി ആചരിക്കാൻ തീരുമാനിച്ചു. ഈ പശ്ചാത്തലത്തിൽ നമ്മുടെ സഭയുടെ പ്രേഷിതവിളിയെയും ദൗത്യത്തെയും സംബന്ധിച്ച് പ്രധാനപ്പെട്ട ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാനാഗ്രഹിക്കുന്നു. റോമിലും അന്ത്യോക്യായിലുമെല്ലാം സഭ രൂപംകൊണ്ട അതേ കാലഘട്ടത്തിൽതന്നെ അപ്പസ്തോലനായ തോമാശ്ലീഹായിൽനിന്ന് നമുക്കും വിശ്വാസവെളിച്ചം ലഭിച്ചുവെന്നതു വലിയ ദൈവപരിപാലനയാണ്. 'നമുക്കും അവനോടുകൂടെ പോയി മരിക്കാം' എന്ന ദൃഢനിശ്ചയമാണ് നമ്മുടെ പിതാവായ മാർതോമാശ്ലീഹായെ ഭാരതത്തിലേക്കാനയിച്ചത്. നമ്മുടെ പിതാവിന്റെ ഈ പ്രേഷിതതീക്ഷ്ണത തന്നെയാണ് ഈ കാലഘട്ടത്തിൽ നമ്മെയും നയിക്കേണ്ടത്. വിദേശാധിപത്യത്തിലൂടെ നമ്മുടെ സഭയുടെ വളർച്ചയ്ക്കു വളരെയേറെ പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്. മാർതോമ ക്രിസ്ത്യാനികളുടെ ഭിന്നിപ്പും സഭയുടെ പ്രവർത്തനസ്വാതന്ത്ര്യം കേരളത്തിൽ മാത്രമായി ചുരുക്കിയതും നമ്മുടെ സഭയുടെ വളർച്ചയെയും പ്രേഷിതപ്രവർത്തനത്തെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. അതുകൊണ്ടുകൂടിയാണ് 18-ാം നൂറ്റാണ്ടുവരെ പ്രേഷിതമേഖലയിൽ സഭയ്ക്കു കാര്യമായ സംഭാവനകൾ ചെയ്യാൻ സാധിക്കാതെ പോയത്. 1831-ൽ സിഎംഐ സഭയുടെ തുടക്കം സീറോ മലബാർ സഭയുടെ മിഷനറിവളർച്ചയിലെ ഒരു നാഴികക്കല്ലാണ്. 1887 മേയ് 20-നു സീറോ മലബാർ സഭയ്ക്കു കൈവന്ന സഭാത്മകമായ പ്രവർത്തനസ്വാതന്ത്ര്യത്തിന്റെ 125-ാം വർഷവും കോട്ടയം രൂപതയുടെ സ്ഥാപനത്തിന്റെ 100-ാം വർഷവും പ്രേഷിതവർഷത്തോടനുബന്ധിച്ച് ആചരിക്കുന്നതും ഏറെ പ്രസക്തമാണ്. 1923-ൽ സീറോ മലബാർ ഹൈരാർക്കി സ്ഥാപിതമായതോടുകൂടെയാണ് നമ്മുടെ സഭയുടെ വളർച്ചയും പുരോഗതിയും ത്വരിതഗതിയിലായത്. മലബാറിലേക്കും തമിഴ്നാട്ടിലേക്കും കർണാടകത്തിലേക്കുമുള്ള സീറോ മലബാർ സഭയുടെ വളർച്ച എത്രയോ വലുതാണെന്ന് ഇന്ന് അവിടെയുള്ള ഒമ്പതു രൂപതകൾ (തലശേരി, മാനന്തവാടി, താമരശേരി, പാലക്കാട്, തക്കല, ബൽത്തങ്ങാടി, ഭദ്രാവതി, മാണ്ഡ്യ, രാമനാഥപുരം) സാക്ഷ്യപ്പെടുത്തുന്നു. ഷംഷാബാദ് മിഷന്റെ സ്ഥാപനത്തെത്തുടർന്ന് സാഗർ (1968), ഉജ്ജയിൻ(1968), സത്ന (1968) ജഗദൽപ്പൂർ (1977), ബിജ്നോർ (1977), രാജ്കോട്ട് (1977), ഗോരഖ്പൂർ (1984), അദിലാബാദ് (1999) രൂപതകൾ സിഎംഐ, എംഎസ്ടി, വിൻസെൻഷ്യൻ, സിഎസ്ടി എന്നീ സമൂഹങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തനനിരതമായി. പ്രവാസികളായ നമ്മുടെ സഭാതനയർക്കുവേണ്ടി ഇന്ത്യയിൽ കല്യാൺ രൂപതയും (1988) ഇന്ത്യക്കു പുറത്ത് ഷിക്കാഗോ രൂപതയും (2001) ഉണ്ടായി എന്നതു നമ്മുടെ സഭയുടെ ക്രമാനുഗതമായ വളർച്ചയെയാണ് സൂചിപ്പിക്കുന്നത്. സീറോ മലബാർ സഭയിൽനിന്ന് ഉദയംചെയ്ത സന്യാസസമൂഹങ്ങളുടെയും സെന്റ് തോമസ് മിഷനറി സൊസൈറ്റി പോലുള്ള പ്രേഷിത സമൂഹങ്ങളുടെയും സംഭാവന നമ്മുടെ മിഷനറി പ്രവർത്തനത്തിനു ശക്തിപകർന്നു. 'ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന ലിയോ പതിമൂന്നാമൻ മാർപാപ്പയുടെ മുദ്രാവാക്യം സീറോ മലബാർ സഭ എത്ര ആത്മാർഥതയോടെയാണ് സ്വീകരിച്ചത് എന്നു സഭയുടെ ഇന്നത്തെ ചരിത്രം വ്യക്തമാക്കുന്നു. ഭാരതത്തിനുള്ളിലും വെളിയിലും മിഷൻ പ്രവർത്തനത്തിനു പോകുന്നതിനു ചെറുപുഷ്പ മിഷൻ ലീഗ് പോലുള്ള അല്മായ പ്രസ്ഥാനങ്ങൾ ചെയ്തിട്ടുള്ള ശുശ്രൂഷ എത്രയോ ധന്യമാണ്! ഇന്നു മിഷനറി ദൈവവിളികൾ ഭാരതസഭയ്ക്കും സാർവത്രികസഭയ്ക്കും സമ്മാനിക്കുന്ന ഈറ്റില്ലമാണ് നമ്മുടെ സഭ. സീറോ മലബാർ സഭയിലൂടെ മാത്രമല്ല നമ്മുടെ സഭയുടെ മക്കൾ പ്രേഷിതപ്രവർത്തനം നടത്തുന്നത്. ഭാരതത്തിലെ ലത്തീൻസഭയിലും മലങ്കര സഭയിലും നമ്മുടെ നിരവധി സന്താനങ്ങൾ ഭാരതത്തിന്റെ സുവിശേഷവത്കരണത്തിനായി അക്ഷീണം യത്നിക്കുന്നുണ്ട്. കൂടാതെ ഏഷ്യ, യൂറോപ്പ്, അമേരിക്ക, ലാറ്റിൻ അമേരിക്ക, ആഫ്രിക്ക, ഓസ്ട്രേലിയ എന്നീ മിഷൻ രംഗങ്ങളിലും നമ്മുടെ സഭയുടെ തനയർ വളരെ സജീവരാണ്. മിഷനറി പ്രവർത്തനം ഏതാനും വൈദികർക്കും സമർപ്പിതർക്കുംവേണ്ടി മാത്രം മാറ്റിവയ്ക്കപ്പെട്ട ശുശ്രൂഷയല്ല. മാമ്മോദീസയിലൂടെ സഭാശരീരത്തോടു ചേർക്കപ്പെടുന്ന ഓരോ ക്രിസ്ത്യാനിയും ഈശോയുടെ ശിഷ്യന്മാരെപ്പോലെ അയയ്ക്കപ്പെട്ട വ്യക്തികൂടിയാണ് അതുകൊണ്ടാണ് സഭ പ്രകൃത്യാ പ്രേഷിതയാണെന്നു പറയുന്നത് സഭവിളിക്കപ്പെട്ടിരിക്കുന്നത് അയയ്ക്കപ്പെടാൻവേണ്ടിയാണ്. മിഷനറി ദൗത്യം നിർവഹിക്കാത്ത ക്രിസ്തുശിഷ്യൻ കായ്ക്കാത്ത അത്തിമരങ്ങൾ പോലെയാണ്. സ്വന്തം ജീവിതം സുവിശേഷത്തിന്റെ സാക്ഷ്യമാക്കിക്കൊണ്ടാണ് ക്രൈസ്തവർ അടിസ്ഥാനപരമായി മിഷനറിമാരാകേണ്ടത്. നമ്മുടെ ജീവിതം പീഠത്തിന്മേൽ വയ്ക്കപ്പെട്ട വിളക്കുപോലെയാകണം. സ്വന്തം ജീവിതാവസ്ഥയനുസരിച്ച് ജീവിതസാഹചര്യങ്ങളിൽ ക്രിസ്തുവിനു സാക്ഷികളാകുന്നതാണ് സുവിശേഷത്തിന്റെ ആധികാരികമായ പ്രഘോഷണം. ഓരോ കുടുംബവും അങ്ങനെ പ്രേഷിതമുന്നേറ്റത്തിന്റെ ശക്തമായ വയലേലയായി മാറട്ടെ. ഓരോ കുടുംബവും ഗാർഹികസഭയാണ്. മക്കളെ വിശ്വാസമൂല്യങ്ങളിലും സഭാപൈതൃകങ്ങളിലും സഭാ

സ്നേഹത്തിലും വളർത്തുവാൻ മാതാപിതാക്കൾക്കു കടമയുണ്ട്. അവരതു നിർവഹിക്കുമ്പോൾ കുടുംബങ്ങളിൽ പ്രേഷിതോന്മുഖതയുണ്ടാകും, പ്രേഷിത ദൈവവിളിക്കുള്ള അന്തരീക്ഷം ഉണ്ടാകുകയും ചെയ്യും. മിഷൻ പ്രവർത്തനം നിരവധിയായ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഏറ്റവും കഠിനമായ വെല്ലുവിളി നമ്മുടെ സഭയിലും ദൈവവിളികൾ കുറയുന്നുവെന്നതാണ്. ഈ സ്ഥിതിവിശേഷത്തിനു കാരണമാകുന്നതു കുടുംബങ്ങളിലെ വിശ്വാസത്തകർച്ച, പ്രാർഥനാജീവിതത്തിന്റെ അഭാവം, മക്കളുടെ എണ്ണക്കുറവ്, സമർപ്പിതരെക്കുറിച്ചുള്ള നിഷേധാത്മകമായ വിമർശനങ്ങൾ, മിഷനറിമാർ നേരിടുന്ന പ്രതിസന്ധികളെ ഭയന്ന് പിന്മാറാനുള്ള പ്രവണത മുതലായവയാണ്. ഇവയെല്ലാം നാം എങ്ങനെ പരിഹരിക്കുമെന്നതിനെ ആശ്രയിച്ചിരിക്കും പ്രേഷിത പ്രവർത്തനത്തിന്റെ മുന്നോട്ടുള്ള ഗതി. നമ്മുടെ സഭയുടെ പ്രതിനിധികളായി മിഷൻ രംഗത്ത് ജോലി ചെയ്യുന്നവരെ ഏറെ ആദരവോടും അഭിമാനത്തോടും കൂടെ സ്വീകരിക്കാനും പ്രോത്സാഹിപ്പിക്കാനും നമുക്കു കഴിയണം. അവർ അവധിക്കാലങ്ങളിൽ വരുമ്പോൾ നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സമൂഹങ്ങളിലും സ്ഥാപനങ്ങളിലും അവരെ സ്വീകരിക്കാനും ആദരിക്കാനും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കാനും അവസരങ്ങൾ ഒരുക്കണം. അവർക്കു നൽകുന്ന പ്രോത്സാഹനം പുതിയ തലമുറയ്ക്ക് അവരെ പിന്തുടരാൻ പ്രചോദനമാകും. കേരളത്തിലെ സീറോ മലബാർ രൂപതകൾ മാതൃസഭ എന്ന നിലയിൽ മിഷനെ ആളുകൊണ്ടും അർഥം കൊണ്ടും സഹായിക്കേണ്ടതുണ്ട്. നമ്മുടെ സഭയിലെ പള്ളികളും സ്ഥാപനങ്ങളും വ്യക്തികളും കുടുംബങ്ങളും കേരളത്തിനു പുറത്തുള്ള മിഷൻ പ്രദേശങ്ങളെ ദത്തെടുക്കാനും പ്രാർഥന, പരിത്യാഗങ്ങൾ, സമ്പത്ത് എന്നിവകൊണ്ടു പ്രോത്സാഹിപ്പിക്കാനും മുന്നോട്ടുവരണം. നമ്മുടെ മിഷനറിമാർ പ്രവർത്തിക്കുന്ന സ്ഥലങ്ങളിലേക്ക് ഇടവകകളിൽനിന്നും പ്രസ്ഥാനങ്ങളിൽനിന്നും മിഷനറിയാത്ര നടത്തുന്നതു നല്ലതാണ്. പ്രേഷിതവർഷത്തിന്റെ രൂപതാ തല ഉദ്ഘാടനം അതതു രൂപതകളിൽവച്ചാണ് നടത്തേണ്ടത്. 2011 ഓഗസ്റ്റ് 15-ാം തീയതി എല്ലാ ഭദ്രാസനദേവാലയങ്ങളിലും രൂപതാധ്യക്ഷന്റെ നേതൃത്വത്തിൽ ആഘോഷപൂർവകമായ വിശുദ്ധ കുർബാനയോടുകൂടെയാണ് പ്രേഷിതവർഷം ഉദ്ഘാടനം ചെയ്യേണ്ടത്. എല്ലാ കത്തീഡ്രലുകളിലും ഇതോടനുബന്ധിച്ച് പ്രേഷിതവർഷദീപം തെളിക്കണം. 2011 ഓഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ആഗമനം കൊണ്ട് പവിത്രമായ കൊടുങ്ങല്ലൂരിലെ അഴീക്കോടുള്ള മാർതോമാ തീർഥകേന്ദ്രത്തിൽവച്ച് നമ്മുടെ എല്ലാ അഭിവന്ദ്യപിതാക്കന്മാരുടെയും കാർമികത്വത്തിൽ വിശുദ്ധകുർബാന അർപ്പിക്കുന്നുണ്ട്. മിഷനറിമാരുടെ സംഗമങ്ങൾ, അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കൽ, പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ചുള്ള ബോധവത്കരണ പഠനക്കളരികൾ, ധ്യാനം, സെമിനാറുകൾ, മിഷൻ ക്വിസ്, ചർച്ചകൾ, ഉപന്യാസമത്സരം, മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു ഫണ്ട് സ്വരൂപിക്കൽ എന്നിവ പ്രേഷിതവർഷ കർമ പരിപാടികളുടെ ഭാഗമായി നടപ്പാക്കാൻ ഇടവകതലത്തിലും രൂപതാതലത്തിലും പരിശ്രമി ക്കേണ്ടതാണ്. ഈ പരിപാടികളെല്ലാം ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്നതു പ്രേഷിതചൈതന്യത്തെ ഉണർത്തിക്കൊണ്ടുള്ള സഭയുടെ ആത്മീയനവീകരണം തന്നെയായിരിക്കണം.

## വാരാന്ത്യവീക്ഷണം

### പ്രൊഫഷണൽ വിദ്യാഭ്യാസം ഒരു സൂത്രവാക്യത്തിന്റെ നീരാളി കൈകളിൽ

**റവ. ഡോ. ഫിലിപ്പ് നെല്പുരപ്പറമ്പിൽ**

കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസരംഗം യുക്തിക്കു നിരക്കാത്ത ഒരു സൂത്രവാക്യത്തിൽ കുരുങ്ങിയിരിക്കുകയാണ്. 50:50 എന്ന സൂത്രവാക്യത്തിനൊപ്പിച്ച് കാര്യങ്ങൾ ക്രമീകരിക്കാൻ ശ്രമിക്കുന്നതനുസരിച്ച് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്നു. സുപ്രീം കോടതിയുടെ ഏറ്റവും ഉന്നതമായ പതിനൊന്നംഗബെഞ്ച് ഈ സൂത്രവാക്യം അനുസരിച്ചുള്ള നിലപാടുകൾ നീതിയ്ക്കും നിയമത്തിനും വിരുദ്ധമായി കണ്ടു റദ്ദു ചെയ്തിട്ടുണ്ട്. പത്തുവർഷം കഴിഞ്ഞിട്ടും നമ്മൾ ഇല്ലാത്ത പവിത്രത ഈ സൂത്രവാക്യത്തിൽ ആരോപിച്ച് പ്രശ്നങ്ങൾ വഷളാക്കിക്കൊണ്ടിരിക്കുന്നു. ഇവിടുത്തെ ബുദ്ധിജീവികളോ രാഷ്ട്രീയക്കാരോ ആരും തന്നെ ഓരോ വർഷവും ഏതാണ്ട് ഒരു ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളെ ബാധിക്കുന്ന ഈപ്രശ്നത്തിൽ ഇടപെട്ട് ഈ സൂത്രവാക്യത്തിന്റെ നീരാളിക്കൈകൾ ഭേദിക്കാൻ തയ്യാറാകുന്നില്ല.

### സൂത്രവാക്യത്തിലെ അസ്വാഭാവികത

രണ്ടു സ്വാശ്രയ കോളേജുകൾ ചേർന്നാൽ ഒരു സർക്കാർ കോളേജിനു തുല്യമാകണമെന്ന് ഒരിക്കൽ ഒരു മുഖ്യമന്ത്രി പറഞ്ഞുപോയതുകൊണ്ട് ആധാരണക്ക് ഭരണഘടനക്കുപോലുമില്ലാത്ത പവിത്രത കല്പിക്കുന്നത് രാഷ്ട്രീയനേതൃങ്ങൾക്കാണെന്നു തോന്നുന്നു. രണ്ടു സ്വാശ്രയ കോളേജുകൾ ചേർന്നാൽ രണ്ടു സ്വാശ്രയ കോളേജുകൾത്തന്നെ ആയാൽ പോരെ?. അവ എന്തിന് ഒരു സർക്കാർ കോളേജിനു തുല്യമാക്കണം എന്ന ചോദ്യം ഉയർത്താൻ മിക്കവരും തയ്യാറാകുന്നില്ല എന്നതാണ് ഖേദകരം.

രണ്ടു സ്വാശ്രയ കോളേജുകൾ ചേർന്നാൽ ഒരു സർക്കാർ കോളേജിനു തുല്യമാകണം എന്നു

പറയുന്നത് രണ്ടു സ്വകാര്യ ആശുപത്രികൾ ചേർന്നാൽ ഒരു സർക്കാർ ആശുപത്രിക്കു തുല്യമാകണം, രണ്ടു പലചരക്കു കടകൾ കൂടിയാൽ ഒരു റേഷൻ കടക്കു തുല്യമാകണം, എന്നിങ്ങനെയൊക്കെ പറയുന്നതു പോലെ അസ്വാഭാവികമാണ്. ഈ അസ്വാഭാവിക നിലപാട് കൂടുതൽ അസ്വാഭാവിക പ്രവർത്തനങ്ങളിലേക്കു കൊണ്ടുപോകും. അത് സാധാരണ പ്രവർത്തനങ്ങളേ സങ്കീർണ്ണവും അബദ്ധങ്ങളുടെയും അഴിമതിയുടെയും സമാഹാരവുമാക്കും. അതാണ് നമ്മൾ ഇവിടെ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

**വിദ്യാഭ്യാസരംഗം; കാഴ്ചപ്പാടിലെ മാറ്റങ്ങൾ**

വിദ്യാഭ്യാസം പൊതുമേഖലയിൽ നിന്നും സ്വകാര്യമേഖലയിലേക്കു മാറുന്നുണ്ട്. പ്രത്യേകിച്ചും പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്താണ് ഈ മാറ്റം വരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമേ ശരിയാവുകയുള്ളു സ്വകാര്യമേഖല എല്ലാം അധാർമ്മികമാണ് എന്ന കാഴ്ചപ്പാടുള്ളവർ ഇവിടെ ഏറെയാണ്. സർവ്വാധിപത്യ പ്രത്യയശാസ്ത്രക്കാർക്ക് അതാണല്ലോ പ്രമാണം; പിന്നെ ഇവിടത്തെ ബി ഗ്രേഡ് സർവ്വാധിപത്യ പ്രത്യയശാസ്ത്രക്കാരായ കുറേ കോൺഗ്രസുകാർക്കും അതുതന്നെ പ്രമാണം. അവർക്കിവിടെ സ്വകാര്യമേഖല പാടില്ല എന്ന നിലപാടായിരുന്നു; പിന്നീട് സ്വകാര്യമേഖല അനിവാര്യമായപ്പോൾ സ്വകാര്യസ്ഥാപനങ്ങൾ ആകാം പക്ഷേ അതുപ്രവർത്തിക്കുന്നതു സർക്കാർ സ്ഥാപനങ്ങൾ പോലെയാകണമെന്ന നിലപാടിലായി. വാസ്തവത്തിൽ ഇവിടത്തെ മനോഭാവങ്ങളിൽ ഘട്ടം ഘട്ടമായുണ്ടാകുന്ന മാറ്റം ശ്രദ്ധിക്കേണ്ടതാണ്.

**സ്വാശ്രയസ്ഥാപനങ്ങളേ പാടില്ല**

1994 ലെ കൂത്തുപറമ്പു സംഭവം സ്വാശ്രയ സ്ഥാപനങ്ങൾ സർക്കാർ സംരംഭമായിപോലും പാടില്ല എന്ന നിലപാടിൽ നിന്നായിരുന്നു. ഇന്നത്തേക്കാൾ ഭീകരമായ സമരമുഖം. അഞ്ചു രക്തസാക്ഷികളാണ് അതിന്റെ ഫലമായി ഡി.വൈ.എഫ്.ഐ ക്ക് ഉണ്ടായത്. (അതേ ഡി.വൈ.എഫ്.ഐ യുടെ ഖജനാവു സൂക്ഷിപ്പുക്കാരൻ പാർട്ടി ഭരിക്കുന്ന പരിയാരം കോളേജിൽ അരക്കോടി രൂപക്കു സീറ്റു കച്ചവടം ചെയ്ത തു വാർത്ത) സ്വാശ്രയസ്ഥാപനങ്ങളേ പാടില്ല എന്ന നിലപാടിൽ നിന്നും സ്വാശ്രയസ്ഥാപനങ്ങൾ ആകാമെന്ന നിലപാടു വ്യാപകമാകാൻ ഏതാണ്ട് അഞ്ച് ആറുവർഷങ്ങൾ വേണ്ടിവന്നു എന്നാണു കാണാൻ കഴിയുന്നത്.

**സ്വാശ്രയസ്ഥാപനങ്ങളാകാം അർത്ഥസർക്കാർ സ്ഥാപനങ്ങളായി**

2000 ലും 2001 ലും ഒക്കെയായി സാമുദായിക സംഘടനകളും ക്രൈസ്തവ സഭകളും സ്വകാര്യ പ്രൊഫഷണൽ കോളേജുകൾ ആരംഭിച്ചു. അവിടെ ആദ്യമൊക്കെ പതിനഞ്ചു ശതമാനം സീറ്റുകൾ മാത്രം മാനേജുമെന്റിന്; ന്യൂനപക്ഷസ്ഥാപനമാണെങ്കിൽ മുപ്പതുശതമാനം എന്നൊക്കെ സർക്കാർ നിലപാടുകൾ കോടതി വിധികളുമായി ബന്ധപ്പെട്ടു മാറി മറിഞ്ഞു. ഉണ്ണികൃഷ്ണൻ കേസിനെ ആസ്പദമാക്കി 50:50 എന്ന നയം അന്നത്തെ മുഖ്യമന്ത്രി ഉന്നയിച്ചത് ഈ കാലഘട്ടത്തിലാണ്. ഇക്കാര്യത്തിൽ കെ.സി.ബി.സി.യുമായോ ഇന്റർ ചർച്ച് കൗൺസിലുമായോയാതൊരു ചർച്ചയും നടന്നിട്ടില്ല എന്ന കാര്യവും ഓർക്കേണ്ടതാണ്. സ്വകാര്യസ്ഥാപനങ്ങൾ വേണം എന്നാൽ അത് ഏതാണ്ട് അർത്ഥസർക്കാർ സ്ഥാപനം പോലെ നടക്കണം എന്ന നിലപാടിന്റെ കാലമായിരുന്നു ഇത്.

**സ്വകാര്യസ്ഥാപനങ്ങൾക്കു സ്വകാര്യസ്ഥാപനങ്ങളായി നില്ക്കാം.**

ഇതിനിടെ 2001 ലെ റ്റിം.എം.എ.പൈ കേസിന്റെ വിധി പതിനൊന്നംഗ ഭരണഘടനാബഞ്ച് നല്കുന്നു. അതനുസരിച്ചും അതിനെതുടർന്നുവന്ന ഇനാംദാർ കേസ് വിധിപ്രകാരവും സ്വകാര്യ കലാലയങ്ങൾ സ്വകാര്യ കലാലയങ്ങളായി തന്നെ നടത്താമെന്ന വിധിവന്നു. കാപ്പിറ്റേഷൻഫീസ് പാടില്ല; മെരിറ്റനുസരിച്ചു പ്രവേശനം, സുതാര്യമായ പ്രവർത്തനം, ന്യായമായഫീസ് എന്നീകാര്യങ്ങൾ അനുവർത്തിച്ച് സ്ഥാപനങ്ങൾ നടത്തണമെന്നായിരുന്നു വിധി. അതു വിലയിരുത്താൻ സമിതിയും ഉണ്ടാകണമെന്നും പറഞ്ഞു. സ്വകാര്യ സ്ഥാപനങ്ങൾ നീതിയും നിയമവും അനുസരിച്ചു പ്രവർത്തിച്ചു സ്വകാര്യസ്ഥാപനങ്ങളുടെ സ്വഭാവം നിലനിർത്താമെന്നായിരുന്നു ഈ വിധിയുടെ കാതൽ. അതാണ് ഇപ്പോൾ നിലനില്ക്കുന്ന നിയമവും നിലപാടും.

**അർത്ഥസർക്കാർ സ്ഥാപനങ്ങളാക്കുന്നതിലെ അപകടങ്ങൾ**

സ്വകാര്യസ്ഥാപനങ്ങൾ സ്വകാര്യസ്ഥാപനങ്ങളായി പ്രവർത്തിക്കാമെന്നു കോടതികൾ പറയുമ്പോഴും അതു പാടില്ല, അത് പകുതി സർക്കാർ സ്ഥാപനം പോലെ പ്രവർത്തിക്കണം എന്ന നിലപാടാണ് ഇന്നത്തെ പല രാഷ്ട്രീയക്കാരും ഉയർത്തിപ്പിടിക്കുന്നത്. ഈ നിലപാടു നടപ്പിലാക്കാൻ നടത്തുന്ന പരിശ്രമങ്ങൾ നിയമപരമായും നയപരമായും ഒരുപാടു ഒത്തുതീർപ്പുകൾ ആവശ്യമാക്കിത്തീർക്കുന്നുണ്ട്. അഴിമതി ആവശ്യമാക്കുന്ന ഒത്തുതീർപ്പുകളാണ് ഇതെന്നത് പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. അതാണ് ഇവിടെ ഇപ്പോൾ നമ്മൾ ശ്രദ്ധിക്കേണ്ട സുപ്രധാനകാര്യം. ഇവിടെ സ്വകാര്യസ്ഥാപനവും ന്യൂനപക്ഷങ്ങളുടെ സ്ഥാപനവുമായ ഇന്റർ ചർച്ച് കൗൺസിലിന്റെ സ്വാശ്രയസ്ഥാപനങ്ങൾ കോടതിവിധിയും ഭരണഘടനാപരമായ വിദ്യാഭ്യാസ സ്വാതന്ത്ര്യവും അനുസരിച്ച് പൂർണ്ണമായും നിയമവിധേയമായതും നിയമത്തിൽ അടിയുറച്ചതുമായ നിലപാടുകൾ സ്ഥാപിച്ചെടുത്തു പ്രവർത്തിക്കുന്നു. എല്ലാ സീറ്റിലും മെരിറ്റനുസരിച്ചു മാത്രം പ്രവേശനം, എല്ലാവർക്കും കോടതി വിധിയനുസരിച്ചുള്ള ന്യായമായ ഫീസ് പാവപ്പെട്ട വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പ്

എന്നിവയാണ് ഈ നിലപാടിന്റെ അടിസ്ഥാനം.

രണ്ടു സ്വാശ്രയ കോളേജുകൾ ചേർന്നാൽ ഒരു സർക്കാർ കോളേജിനു തുല്യമാക്കാനുള്ള നീക്കം പ്രധാനമായും രണ്ടു രംഗത്തുള്ള അനീതിപരമായ നീക്കുപോക്കുകൾക്കു കാരണമാകുന്നുണ്ട്.

1) ഫീസിന്റെ കാര്യത്തിൽ പകുതി വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം എന്നു പറയുമ്പോൾ മറ്റു പകുതി വിദ്യാർത്ഥികൾക്ക് സാധാരണ ഫീസിന്റെ ഇരട്ടി എന്ന പീഡനം.

2) പകുതി വിദ്യാർത്ഥികൾക്ക് മെരിറ്റനുസരിച്ച് പ്രവേശനം. അതേ സമയം മറ്റേ പകുതിയിൽ ഇരട്ടിഫീസു നല്കേണ്ടിവരുകയാൽ( മെരിറ്റുള്ള വിദ്യാർത്ഥികൾ മറ്റു സംസ്ഥാനങ്ങളിലേക്കു ഇവിടുത്തെ സാധാരണ ഫീസിലും ഉയർന്നഫീസാണെങ്കിലും പഠനം തേടി പോകുന്നതിനാൽ) മെരിറ്റില്ലാത്ത വിദ്യാർത്ഥികൾക്കു പ്രവേശനം. അതിന് സർക്കാർ നടത്തിയ പ്രവേശന പരീക്ഷാ റാങ്ക് ലിസ്റ്റ് സഹായകരമല്ലാതെ വരുന്നതിനാൽ സ്വന്തമായി പ്രവേശനപരീക്ഷ നടത്തും. ഈ രണ്ടു നീക്കുപോക്കുകളും സാമൂഹ്യനീതിയും മെരിറ്റും അട്ടിമറിക്കുന്നു.

**അനീതിയെ നീതിയാക്കുന്ന നിലപാട്**

പകുതി വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതിയെന്നു പറയുന്ന സൗജന്യപഠനം നൽകാൻ മറ്റേ പകുതി വിദ്യാർത്ഥികളോട് ഇരട്ടിഫീസെന്ന ക്രൂരമായ സാമൂഹ്യ അനീതികാട്ടുന്നു. പകുതി വിദ്യാർത്ഥികൾക്കു മെരിറ്റനുസരിച്ച് പ്രവേശനം നല്കുമ്പോൾ മെരിറ്റില്ലാത്ത വിദ്യാർത്ഥികളെ 50% സീറ്റാൽ പ്രവേശിപ്പിക്കാൻ നിർബന്ധിതരാകുന്നു. അങ്ങനെ പകുതിപേർക്ക് സാമൂഹ്യനീതിയും മെരിറ്റും പറയുമ്പോൾ തന്നെ പകുതി സീറ്റുകളിൽ മെരിറ്റും സാമൂഹ്യനീതിയും അട്ടിമറിക്കുന്നു. ഇത് യാഥാർത്ഥത്തിൽ സ്വകാര്യസ്ഥാപനങ്ങൾ അർത്ഥസർക്കാർ സ്ഥാപനങ്ങൾപോലെ പ്രവർത്തിക്കണമെന്നു നിർബന്ധിക്കുമ്പോഴുണ്ടാകുന്ന പ്രതിഭാസമാണ്. ഈ ഒരു നിലപാടു വഴിയായി മെരിറ്റുള്ള വിദ്യാർത്ഥികളിലെ മദ്ധ്യവർഗ്ഗം പ്രൊഫഷണൽ വിദ്യാഭ്യാസം തേടി മറ്റു സംസ്ഥാനങ്ങളിലേക്കു പോകുന്നു എന്നതു മറ്റൊരു യാഥാർത്ഥ്യം. മൂന്നുലക്ഷം വിദ്യാർത്ഥികളാണ് ഇങ്ങനെ മറ്റു സംസ്ഥാനങ്ങളിൽ പഠിക്കുന്നത്.

വിദ്യാഭ്യാസത്തകർച്ചക്കുവേണ്ടിയുള്ള നിലപാട്

സർക്കാരിന്റെ ഈ നിലപാട് ഇവിടത്തെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചക്കും കാരണമാക്കുന്നുണ്ട്. മെരിറ്റുള്ള വിദ്യാർത്ഥികൾ വെറും പകുതിയായിമാറുന്നു. ഇരട്ടിഫീസുതരാൻ കഴിയുന്നവർ കുറവായതുകൊണ്ട് എഞ്ചിനിയറിംഗ് കോളേജുകളിൽ വിദ്യാർത്ഥികളില്ലാത്ത സീറ്റുകൾ ഉണ്ടാകുന്നു. ഈ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ തുലോം കുറവാകുന്നു. അതുകൊണ്ടുതന്നെ ജോലിസാദ്ധ്യതയും. ഈ നിലപാടനുസരിച്ചു പ്രവർത്തിക്കുന്നവർ സ്വന്തമായി പ്രവേശന പരീക്ഷ നടത്തേണ്ടി വരുന്നതുകൊണ്ട് പ്രവേശനം താമസിക്കുകയും ചെയ്യുന്നുണ്ട്.

**എടുക്കേണ്ട നിലപാടുകൾ**

ഈ സാഹചര്യത്തിലാണ് സ്വകാര്യസ്ഥാപനങ്ങൾ സ്വകാര്യസ്ഥാപനങ്ങളായി നടക്കണം. ന്യൂനപക്ഷങ്ങൾ തങ്ങൾക്കുവേണ്ടി പണം സമാഹരിച്ചു നടത്തുന്ന സ്ഥാപനങ്ങൾ ന്യൂനപക്ഷസ്ഥാപനങ്ങളായി പ്രവർത്തിക്കാൻ ഭരണഘടന നല്കുന്ന സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. തലവരിപ്പണം ഉണ്ടാകാൻ പാടില്ല, മെരിറ്റനുസരിച്ചുമാത്രം വിദ്യാർത്ഥികൾക്കു പ്രവേശനം, വിദ്യാർത്ഥികൾക്കു വേണ്ടി ചെലവഴിക്കുന്ന തുക കണക്കാക്കി ന്യായമായ ഒരേ ഫീസ് എല്ലാവർക്കും. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പു നല്കി സൗജന്യമായി പഠിപ്പിക്കുന്നു. സർക്കാരിനും മാനേജുമെന്റിനും മറ്റു ഏജൻസികൾക്കും പാവപ്പെട്ട വിദ്യാർത്ഥികൾക്കു സാമ്പത്തിക പിന്തുണ നല്കാൻ കഴിയും. മാനേജുമെന്റും ഓരോ വർഷവും പത്തുശതമാനത്തോളം സീറ്റുകളിൽ സ്കോളർഷിപ്പു നല്കും. ആവശ്യമായവർക്ക് ബാങ്ക്ലോൺ. ഉന്നത ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നു. ഇതാണ് സ്വകാര്യ പ്രൊഫഷണൽ കോളേജുകളുടെ സാമൂഹ്യപ്രതിബദ്ധത യെന്നു പറയുന്നത്. അല്ലാതെ 50:50 എന്ന സൂത്രവാക്യം പകുതി വിദ്യാർത്ഥികളോട് അനീതികാണിച്ചു പാലിക്കലല്ല. കേരളത്തിൽ യോഗ്യരായ വിദ്യാർത്ഥികൾക്കു ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കാൻ സംവിധാനങ്ങൾ ഒരുക്കാൻ സ്വകാര്യമേഖലയുടെ സഹകരണം തേടുന്നത് ഒരിക്കലും തെറ്റല്ല. പക്ഷേ ഈ സ്ഥാപനങ്ങൾ അർത്ഥ സർക്കാർ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ നിർബന്ധിക്കുമ്പോഴാണ് പ്രശ്നങ്ങൾ സംജാതമാകുന്നത്. അതുകൊണ്ട് നമ്മുടെ നിലപാടുകളും മനോഭാവങ്ങളും യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ടുകൊണ്ടു മാറ്റാൻ സർക്കാരിനും എല്ലാവർക്കും കഴിയണം.

JAGRATHA News

**"Jagratha News"** - An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA